**മധുരമായ കുട്ടികളേ, ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നുകൊണ്ടും എല്ലാവരുമായുള്ള കടമ നിറവേറ്റണം, വെറുപ്പ് കാണിക്കരുത്, പക്ഷേ കമലപുഷ്പ സമാനം തീർച്ചയായും പവിത്രമായിരിക്കണം.**

**ചോദ്യം** – നിങ്ങളുടെ വിജയത്തിന്റെ പെരുമ്പറ എപ്പോഴാണ് മുഴങ്ങുക? ആഹാ–ആഹാ എന്ന് എപ്പോഴാണ് ഉണ്ടാവുക?
**ഉത്തരം** – അന്തിമസമയത്ത് എപ്പോഴാണോ നിങ്ങൾ കുട്ടികളുടെ മേൽ മായയുടെ ഗ്രഹപ്പിഴ അവസാനിക്കുന്നത്, സദാ ലൈൻ ക്ലിയറായിരിക്കുന്നത്, അപ്പോൾ ആഹാ–ആഹാ എന്ന് പുറപ്പെടും, വിജയത്തിന്റെ പെരുമ്പറ മുഴങ്ങും. ഇപ്പോൾ കുട്ടികളുടെ മേൽ ഗ്രഹപ്പിഴ ഇരിക്കുന്നുണ്ട്. വിഘ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. മൂന്നടി മണ്ണ് പോലും സേവനത്തിന് വളരെ ബുദ്ധിമുട്ടിയാണ് കിട്ടുന്നത്, എന്നാൽ ഇങ്ങനെയൊരു സമയവും വരും, നിങ്ങൾ കുട്ടികൾ മുഴുവൻ വിശ്വത്തിന്റെയും അധികാരിയായിത്തീരും.

**ഗീതം** – ക്ഷമയോടെയിരിക്കൂ മനസ്സേ.......

**ഓംശാന്തി**. കുട്ടികൾക്ക് നമ്പർവൈസ് പുരുഷാർത്ഥത്തിലൂടെ മനസ്സിലാക്കാൻ സാധിക്കും ഇപ്പോൾ പഴയ നാടകം പൂർത്തിയാവുകയാണ്. ഇനി ദു:ഖത്തിന്റെ നാളുകൾ കുറച്ചു നിമിഷങ്ങൾ മാത്രമേ ബാക്കിയുള്ളൂ. പിന്നീട് സദാ സുഖം തന്നെ സുഖമായിരിക്കും. എപ്പോഴാണോ സുഖത്തെക്കുറിച്ചുള്ള അറിവുണ്ടാകുന്നത് അപ്പോൾ മനസ്സിലാകും ഇത് ദു:ഖധാമമാണെന്ന്. വളരെയധികം വ്യത്യാസമുണ്ട്. ഇപ്പോൾ നിങ്ങൾ സുഖത്തിനുവേണ്ടിയുള്ള പുരുഷാർത്ഥമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. മനസ്സിലാക്കുന്നു, ഈ ദു:ഖത്തിന്റെ പഴയ നാടകം ഇപ്പോൾ പൂർത്തിയാവുകയാണെന്ന്. സുഖത്തിനുവേണ്ടി ഇപ്പോൾ ബാപ്ദാദയുടെ ശ്രീമത്ത് പ്രകാരം നടന്നുകൊണ്ടിരിക്കുകയാണ്. ആർക്കും മനസ്സിലാക്കി കൊടുക്കാൻ വളരെ എളുപ്പമാണ്. ഇപ്പോൾ ബാബയുടെ അടുത്തേക്ക് പോകണം. ബാബ കൊണ്ടുപോകാനായി വന്നിരിക്കുകയാണ്. ഗൃഹസ്ഥത്തിൽ ഇരുന്നുകൊണ്ടും കമലപുഷ്പസമാനം പവിത്രമായിരിക്കണം. സംബന്ധത്തെ നിറവേറ്റണം. ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നില്ലെങ്കിൽ പിന്നെ സന്യാസിമാരെപ്പോലെയായിത്തീരും. അവർ ഉത്തരവാദിത്തം ഏറ്റെടുക്കാത്തതു കൊണ്ടാണ് അവരുടേത് നിവൃത്തിമാർഗ്ഗം, ഹഠയോഗം എന്നു പറയുന്നത്. സന്യാസിമാരിലൂടെ എന്താണോ പഠിപ്പിക്കുന്നത് അതാണ് ഹഠയോഗം. നമ്മൾ ഭഗവാൻ പഠിപ്പിക്കുന്ന രാജയോഗമാണ് പഠിക്കുന്നത്. ഭാരതത്തിന്റെ ധർമ്മശാസ്ത്രമാണ് ഗീത. മറ്റുള്ളവരുടെ ധർമ്മശാസ്ത്രമെന്താണ് ഇതും നമ്മുടേതും തമ്മിൽ യാതൊരു ബന്ധവുമില്ല. സന്യാസിമാർ പ്രവൃത്തിമാർഗ്ഗത്തിലുള്ളവരാണ്, അവരുടേത് ഹഠയോഗമാണ്. കുടുംബത്തെ ഉപേക്ഷിച്ച് കാട്ടിൽ വസിക്കുക, അവർക്ക് ഓരോ ജന്മവും സന്യസിക്കേണ്ടതായി വരും. നിങ്ങൾ വീട്ടിലിരുന്നുകൊണ്ടും ഒരു തവണ സന്യസിക്കുന്നു, അതിന്റെ പ്രാപ്തി 21 ജന്മത്തേക്ക് ലഭിക്കുന്നു. അവരുടേത് പരിധിയ്ക്കുള്ളിലുള്ള സന്യാസമാണ്, ഹഠയോഗമാണ്. നിങ്ങളുടേത് പരിധിയില്ലാത്ത സന്യാസമാണ്, രാജയോഗമാണ്. അവർ ഗൃഹസ്ഥ വ്യവഹാരത്തെ ഉപേക്ഷിക്കുന്നു. രാജയോഗത്തിനാണെങ്കിൽ വളരെ മഹിമയുണ്ട്. ഭഗവാൻ രാജയോഗം പഠിപ്പിച്ചിട്ടുണ്ട് എങ്കിൽ, തീർച്ചയായും ഭഗവാൻ ഉയർന്നതുതന്നെയാണ്. ശ്രീകൃഷ്ണൻ ഒരിക്കലും ഭഗവാൻ ആവുകയില്ല. പരിധിയില്ലാത്ത അച്ഛൻ തന്നെയാണ് നിരാകാരൻ. പരിധിയില്ലാത്ത ചക്രവർത്തി പദവി അവർക്കേ നൽകാൻ സാധിക്കൂ. ഇവിടെ ഗൃഹസ്ഥ വ്യവഹാരത്തെ വെറുക്കാൻ പറയുന്നില്ല. ബാബ പറയുന്നു ഈ അന്തിമ ജന്മം ഗൃഹസ്ഥത്തിലിരുന്നു കൊണ്ടും പവിത്രമായി ജീവിക്കൂ. ഒരു സന്യാസിയെയും പതിതപാവനൻ എന്നു പറയുകയില്ല. സന്യാസിമാർ സ്വയം തന്നെ പതിതപാവനാ.......... എന്ന് പാടുന്നുണ്ട്, ഭഗവാനെ ഓർമ്മിക്കുന്നുണ്ട്. അവരും പാവന ലോകമാണ് ആഗ്രഹിക്കുന്നത്. പക്ഷേ അവർക്ക് ഇത് അറിയുന്നില്ല ആ ലോകം തന്നെ വേറൊന്നാണെന്ന്. അവർക്ക് ഗൃഹസ്ഥവ്യവഹാരത്തിലിരിക്കാൻ സാധിക്കുന്നില്ലെങ്കിൽ അവർ ദേവതകളെയും അംഗീകരിക്കുകയില്ല. അവർക്ക് ഒരിക്കലും രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. ബാബ ഒരിക്കലും ഹഠയോഗം പഠിപ്പിക്കുന്നുമില്ല, സന്യാസിമാർക്ക് ഒരിക്കലും രാജയോഗവും പഠിപ്പിക്കാൻ സാധിക്കില്ല. ഇതെല്ലാം തന്നെ മനസ്സിലാക്കേണ്ട കാര്യങ്ങളാണ്.

ഇപ്പോൾ ഡൽഹിയിൽ ലോകസമ്മേളനം നടക്കുന്നുണ്ട്. അവർക്ക് മനസ്സിലാക്കി കൊടുക്കണം, എല്ലാവർക്കും നോട്ടീസ് കൊടുക്കണം. അവിടെ അഭിപ്രായവ്യത്യാസങ്ങൾ പലതുണ്ടാകും. എഴുത്ത് നൽകുകയാണെങ്കിൽ എല്ലാവർക്കും മനസ്സിലാകും ഇവരുടെ ലക്ഷ്യമെന്താണെന്ന്.

ഇപ്പോൾ നിങ്ങൾക്കു മനസ്സിലായിക്കഴിഞ്ഞു ഞങ്ങൾ ബ്രാഹ്മണകുലത്തിലേതാണ്, ഞങ്ങൾക്ക് എങ്ങനെ

ശൂദ്രകുലത്തിലെ അംഗമായിത്തീരാൻ സാധിക്കും, അഥവാ വികാരികുലത്തിൽ സ്വയത്തെ എങ്ങനെ റജിസ്റ്റർ ചെയ്യും. അതുകൊണ്ട് പറ്റില്ല എന്നു പറയണം. നമ്മൾ ആസ്തികരും അവർ നാസ്തികരുമാണ്. അവർ ഈശ്വരനെ മാനിക്കാത്തവരാണ്, നമ്മൾ ഈശ്വരനുമായി യോഗം വെക്കുന്നവരാണ്. അഭിപ്രായ വ്യത്യാസം എന്തായാലും ഉണ്ടാവും. മനസ്സിലാക്കി കൊടുക്കണം ആരാണോ ബാബയെ അറിയാത്തവർ അവർ നാസ്തികരാണ്. അപ്പോൾ ബാബ തന്നെ വന്ന് ആസ്തികരാക്കി മാറ്റുന്നു. ബാബയുടേതായിത്തീരുന്നതിലൂടെ ബാബയുടെ സമ്പത്ത് ലഭിക്കുന്നു. ഇതെല്ലാം തന്നെ വളരെയധികം ഗുഹ്യമായ കാര്യങ്ങളാണ്. ആദ്യമാദ്യം ബുദ്ധിയിൽ ഈയൊരുകാര്യം ഇരുത്തണം, ഗീതയുടെ ഭഗവാനാണ് പരമപിതാവായ പരമാത്മാവ്. അവരിലൂടെത്തന്നെയാണ് ആദിസനാതന ദേവീദേവതാധർത്തിന്റെ സ്ഥാപനയുണ്ടായത്. ഭാരതത്തിൽ ദേവീദേവതാധർമ്മമാണ് മുഖ്യമായത്. ഭാരതഖണ്ഡത്തിന് ഏതെങ്കിലും ഒരു ധർമ്മം വേണമല്ലോ. തന്റെ ധർമ്മത്തെ മറന്നു കഴിഞ്ഞു. ഇതും നിങ്ങൾക്ക് അറിയാം ഡ്രാമയനുസരിച്ച് ഭാരതവാസികൾക്ക് തന്റെ ധർമ്മത്തെ മറക്കണമെന്ന്, എന്നാലല്ലേ ബാബയ്ക്ക് വന്ന് സ്ഥാപിക്കാൻ സാധിക്കൂ. അല്ലെങ്കിൽ ബാബയ്ക്ക് എങ്ങനെ വരാൻ സാധിക്കും. പറയുന്നു, എപ്പോഴെല്ലാമാണോ ദേവീദേവതാധർമ്മത്തിന് ലോപം സംഭവിക്കുന്നത് അപ്പോഴെല്ലാം തന്നെ ഞാൻ വരുന്നു. ഇങ്ങനെ പറയാറില്ലേ കാളയുടെ ഒരു കാൽ ഒടിഞ്ഞുപോയി ബാക്കി മൂന്നു കാലിലാണ് നിൽക്കുന്നതെന്ന്. അപ്പോൾ മുഖ്യമായും നാലുധർമ്മമാണുളളത്. ഇപ്പോൾ ദേവീദേവതാധർമ്മത്തിന്റെ കാലാണ് ഒടിഞ്ഞുപോയത്. അതായത് ഈ ധർമ്മം നഷ്ടപ്പെട്ടുപോയി. അതുകൊണ്ടാണ് ആൽ വൃക്ഷത്തിന്റെ ഉദാഹരണം നൽകുന്നത്. അതിന്റെ അടിത്തറയും ജീർണ്ണിച്ചുപോയിരിക്കുന്നു. ബാക്കി എത്ര ശാഖോപശാഖകളാണ് നിൽക്കുന്നത്. അപ്പോൾ ഇതിലും അടിത്തറയായ ദേവീദേവതാധർമ്മമില്ല. ബാക്കി മുഴുവൻ ലോകത്തിലും എത്ര മഠങ്ങളും ആശ്രമങ്ങളുമാണ്. നിങ്ങളുടെ ബുദ്ധിയിൽ ഇപ്പോൾ മുഴുവൻ പ്രകാശവുമുണ്ട്. ബാബ പറയുന്നു നിങ്ങൾ കുട്ടികൾ ഇപ്പോൾ ഡ്രാമയെ മനസ്സിലാക്കിക്കഴിഞ്ഞു. ഇപ്പോൾ ഈ മുഴുവൻ വൃക്ഷവും പഴയതായി. കലിയുഗത്തിനു ശേഷം ഇപ്പോൾ തീർച്ചയായും സത്യയുഗം വരണം. ചക്രത്തിന് തീർച്ചയായും കറങ്ങണം. ബുദ്ധിയിൽ ഉണ്ടായിരിക്കണം, നാടകം പൂർത്തിയായി ഇപ്പോൾ തീർച്ചയായും വീട്ടിലേക്കു പോകണമെന്ന്. നടക്കുമ്പോഴും കറങ്ങുമ്പോഴും ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും ഓർമ്മയിലുണ്ടായിരിക്കണം, ഇപ്പോൾ തിരിച്ചു വീട്ടിലേക്കു പോകണമെന്ന്. മന്മനാഭവ, മദ്ധ്യാജീഭവ എന്നിവയുടെ അർത്ഥവും ഇതാണ്. ഏതെങ്കിലും വലിയ സഭയിൽ പോയി പ്രഭാഷണം ചെയ്യുകയാണെങ്കിൽ മനസ്സിലാക്കി കൊടുക്കണം – പരമപിതാവായ പരമാത്മാവ് വീണ്ടും പറയുകയാണ് കുട്ടികളേ – ദേഹസഹിതം ദേഹത്തിന്റെ എല്ലാ ധർമ്മത്തെയും ത്യാഗം ചെയ്ത് സ്വയത്തെ ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എന്നാൽ പാപം നശിക്കും. ഞാൻ നിങ്ങളെ രാജയോഗമാണ് പഠിപ്പിക്കുന്നത്. ഗൃഹസ്ഥത്തിൽ ഇരുന്നുകൊണ്ടും കമലപുഷ്പസമാനമായിത്തീർന്ന് എന്നെ ഓർമ്മിക്കൂ. പവിത്രമായിരിക്കൂ, ജ്ഞാനത്തെ ധാരണ ചെയ്യൂ. ഇപ്പോൾ എല്ലാവരും ദുർഗ്ഗതിയിലാണ്. സത്യയുഗത്തിൽ ദേവതകൾ സദ്ഗതിയിലായിരുന്നു. പിന്നീട് ബാബ തന്നെയാണ് വന്ന് സദ്ഗതി നൽകുന്നത്. സർവ്വഗുണസമ്പന്നർ, 16 കലാസമ്പൂർണ്ണർ..... ഇതെല്ലാം തന്നെയാണ് സദ്ഗതിയുടെ ലക്ഷണം. ഇതെല്ലാം തന്നെ ആരാണ് നൽകുന്നത്? ബാബ. ബാബയുടെ ലക്ഷണമെന്തെല്ലാമാണ്? ബാബ ജ്ഞാനത്തിന്റെ സാഗരമാണ്, ആനന്ദത്തിന്റെ സാഗരമാണ്. ബാബയുടെ മഹിമ തീർത്തും വേറെയാണ്. എല്ലാവരും ഒന്നാണെന്നല്ല. എല്ലാവരും ഒരേയൊരു ബാബയുടെ കുട്ടികൾ ആത്മാക്കളാണ്. പ്രജാപിതാവിന്റെ സന്താനങ്ങളാണ്. ഇപ്പോൾ പുതിയ രചന രചിക്കുന്നു. എല്ലാവരും പ്രജാപിതാവിന്റെ സന്താനങ്ങളാണ്, പക്ഷേ ഈ കാര്യങ്ങൾ മറ്റുളളവർക്ക് അറിയുന്നില്ല. ബ്രാഹ്മണവർണ്ണമാണ് ഏറ്റവും ഉയർന്നത്. ഭാരതത്തിന്റെ തന്നെ വർണ്ണങ്ങളുടെ മഹിമയാണ് പാടുന്നത്. 84 ജന്മങ്ങൾ എടുക്കുന്നവർക്ക് ഈ വർണ്ണങ്ങളിലൂടെ കടന്നുപോകണം. ബ്രാഹ്മണവർണ്ണം സംഗമയുഗത്തിലാണ്.

നിങ്ങൾ കുട്ടികൾ ഇപ്പോൾ മധുരമായ ശാന്തിയിലാണ് ഇരിക്കുന്നത്. ഈ ശാന്തിയാണ് വളരെ നല്ലത്. വാസ്തവത്തിൽ ശാന്തിയുടെ മാല കഴുത്തിലുണ്ട്. എല്ലാവരും ആഗ്രഹിക്കുന്നുണ്ട് ശാന്തിധാമത്തിലേക്ക് പോകണമെന്ന്. പക്ഷേ അവിടേക്കുളള വഴി ആരാണ് പറഞ്ഞു തരുക? ശാന്തിയുടെ സാഗരനല്ലാതെ മറ്റാർക്കും പറഞ്ഞുതരാൻ സാധിക്കില്ല. ടൈറ്റിൽ വളരെ നല്ലരീതിയിലുണ്ട് – ശാന്തിയുടെ സാഗരൻ, ജ്ഞാനത്തിന്റെ സാഗരൻ എന്നൊക്കെ. ശ്രീകൃഷ്ണൻ സ്വർഗ്ഗത്തിന്റെ രാജകുമാരനാണ്. ബാബ മനുഷ്യസൃഷ്ടിയുടെ ബീജരൂപനാണ്. രാത്രിയുടെയും പകലിന്റെയും വ്യത്യാസമാണ്. കൃഷ്ണനെ സൃഷ്ടിയുടെ ബീജരൂപനെന്നു പറയില്ല. സർവ്വവ്യാപിയുടെ ജ്ഞാനം ഇവിടെ നിലനിൽക്കുകയില്ല. ബാബയുടെ മഹിമ വേറെയാണ്. ബാബ സദാ പൂജ്യനാണ്, ഒരിക്കലും പൂജാരിയായിത്തീരുന്നില്ല. മുകളിൽ നിന്നും ആദ്യമായി വരുന്നവരാണ് പൂജ്യനിൽ നിന്നും പൂജാരിയായിത്തീരുന്നത്. ധാരാളം പോയിന്റുകൾ മനസ്സിലാക്കിത്തരുന്നുണ്ട്. എക്സിബിഷനിൽ എത്ര പേരാണ് വരുന്നത്, പക്ഷേ കോടിയിൽ ചിലർ മാത്രമാണ് വരുന്നത്. കാരണം ലക്ഷ്യം വളരെയധികം ഉയർന്നതാണ്. ധാരാളം പ്രജകൾ ഉണ്ടായിക്കൊണ്ടിരിക്കും. മാലയിൽ വരുന്ന

മുത്തുകൾ കോടിയിൽ ചിലർ മാത്രമേയുണ്ടാവൂ. നാരദന്റെയും ഉദാഹരണമുണ്ട്. നാരദനോടു പറഞ്ഞു – തന്റെ മുഖം നോക്കൂ. ലക്ഷ്മിയെ വരിക്കാൻ യോഗ്യരാണോ എന്ന്. ധാരാളം പ്രജകളെ ഉണ്ടാക്കണം. രാജാവ് രാജാവുതന്നെയാണ്. ഓരോരോ രാജക്കന്മാർക്ക് ലക്ഷക്കണക്കിനു പ്രജകളാണ്. ഉയർന്ന രീതിയിലുള്ള പുരുഷാർത്ഥം ചെയ്യണം. രാജാക്കന്മാരിലും ചിലർ വലിയ രാജാക്കന്മാരാണ്, ചിലർ ചെറിയവരും. ഭാരതത്തിൽ എത്ര രാജാക്കന്മാരായിരുന്നു! സത്യയുഗത്തിലും ധാരാളം മഹാരാജാക്കന്മാർ ഉണ്ടായിരിക്കും. ഇത് സത്യയുഗം മുതൽക്കുള്ളതാണ്. മഹാരാജാക്കന്മാർക്ക് ധാരാളം സമ്പത്ത് ഉണ്ടായിരിക്കും, രാജാക്കന്മാർക്ക് കുറവായിരിക്കും. ഇത് ശ്രീ ലക്ഷ്മി–നാരായണനായിത്തീരാനുള്ള ജ്ഞാനമാണ്. അതിനുവേണ്ടിയുള്ള പുരുഷാർത്ഥമാണ് നടക്കുന്നത്. ലക്ഷ്മി–നാരായണന്റെ പദവി നേടുമോ അതോ സീതാരാമന്റെയാണോ എന്ന് ചോദിക്കാറുണ്ട്. അപ്പോൾ പറയും ഞങ്ങൾ ലക്ഷ്മി–നാരായണന്റെ പദവി നേടും, മാതാപിതാവിൽ നിന്നും പൂർണ്ണ സമ്പത്ത് എടുക്കും. ഇത് വളരെയധികം അത്ഭുതകരമായ കാര്യമാണ്, മറ്റെവിടെയും ഈകാര്യങ്ങളൊന്നും തന്നെയില്ല, ഒരു ശാസ്ത്രങ്ങളിലുമില്ല. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയുടെ പൂട്ട് തുറന്നു കഴിഞ്ഞു. ബാബ മനസ്സിലാക്കിത്തരുന്നു – നടക്കുമ്പോഴും കറങ്ങുമ്പോഴും ഇങ്ങനെ മനസ്സിലാക്കൂ ഞങ്ങൾ അഭിനേതാക്കളാണെന്ന്. ഇപ്പോൾ തിരിച്ചു വീട്ടിലേക്കു പോകണം. ഇതെപ്പോഴും ഓർമ്മയുണ്ടായിരിക്കണം, ഇതിനെത്തന്നെയാണ് മന്മനാഭവ, മദ്ധ്യാജീഭവ എന്നു പറയുക. ബാബ ഇടയ്ക്കിടെ ഓർമ്മിപ്പിക്കുകയാണ്, ഞാൻ നിങ്ങളെ തിരികെ കൊണ്ടുപോകാനാണ് വന്നിരിക്കുന്നത്. ഇത് ആത്മീയ യാത്രയാണ്. ഈ യാത്ര ബാബയ്ക്കല്ലാതെ മറ്റാർക്കും തന്നെ ചെയ്യിക്കാൻ സാധിക്കില്ല. ഭാരതത്തിന്റെ മഹിമയും പാടണം. ഈ ഭാരതം ഏറ്റവും പവിത്രമായ ഭൂമിയാണ്. സർവ്വരുടെയും ദു:ഖഹർത്താവും സുഖകർത്താവും, സർവ്വരുടെയും സദ്ഗതിദാതാവ് ഒരേയൊരു ബാബയാണ്. ഭാരതം ബാബയുടെ ജന്മസ്ഥലമാണ്. ബാബ എല്ലാവരുടെയും മുക്തേശ്വരനാണ്. ബാബക്ക് ഇവിടെ ഭാരതത്തിൽ ഏറ്റവും വലിയ തീർത്ഥസ്ഥാനമുണ്ട്. ഭാരതീയർ ശിവന്റെ ക്ഷേത്രത്തിലേക്ക് പോകുന്നുണ്ടെങ്കിലും അവർക്ക് അറിയില്ല. ഗാന്ധിജിയെക്കുറിച്ച് അറിയാം, അദ്ദേഹം വളരെ നല്ലതായിരുന്നു എന്ന് മനസ്സിലാക്കുന്നു, അതുകൊണ്ടാണ് അവരുടെമേൽ പുഷ്പങ്ങളെല്ലാം അർപ്പിക്കുന്നത്, ലക്ഷക്കണക്കിനു ചിലവു ചെയ്യുന്നു. ഇപ്പോൾ ഈ സമയം അവരുടെ രാജ്യമാണ്. എന്ത് ആഗ്രഹിക്കുന്നുവോ അത് ചെയ്യാൻ സാധിക്കും. ഇപ്പോൾ ബാബ ഗുപ്തധർമ്മത്തിന്റെ സ്ഥാപനയാണ് ചെയ്യുന്നത്, ഈ രാജ്യം തന്നെ വേറെയാണ്. ഭാരതത്തിൽ ആദ്യമാദ്യം ദേവതകളുടെ രാജ്യമായിരുന്നു ഉണ്ടായിരുന്നത്. അസുരന്മാരുടെയും ദേവന്മാരുടെയും യുദ്ധം നടന്നു എന്ന് കാണിക്കുന്നുണ്ട്. പക്ഷേ അങ്ങനെയുള്ള കാര്യങ്ങളൊന്നും തന്നെയില്ല. ഇവിടെ യുദ്ധമൈതാനത്തിൽ മായയുടെ മേൽ വിജയം പ്രാപ്തമാക്കണം, സർവ്വശക്തനുമാത്രമേ മായയുടെ മേൽ വിജയം പ്രാപിക്കാൻ സാധിക്കൂ. കൃഷ്ണനെ സർവ്വശക്തൻ എന്നു പറയാൻ സാധിക്കില്ല. ബാബ തന്നെയാണ് രാവണരാജ്യത്തിൽ നിന്നും മുക്തമാക്കി രാമരാജ്യത്തിന്റെ സ്ഥാപന നിർവ്വഹിക്കുന്നത്. ബാക്കി അവിടെ യുദ്ധത്തിന്റെ കാര്യമൊന്നും തന്നെയില്ല. ഇപ്പോൾ നോക്കുകയാണെങ്കിൽ സൃഷ്ടിയിൽ ഈ സമയം സർവ്വശക്തർ ക്രിസ്ത്യാനികളാണ്. അവർ ആഗ്രഹിക്കുകയാണെങ്കിൽ എല്ലാവരുടെ മേലും വിജയം പ്രാപ്തമാക്കാൻ സാധിക്കും. പക്ഷേ അവർ വിശ്വത്തിന്റെ അധികാരിയായിത്തീരുക എന്നുള്ളത് നിയമമല്ല. ഈ രഹസ്യത്തെക്കുറിച്ച് നിങ്ങൾക്ക് മാത്രമേ അറിയൂ. ഈ സമയം സർവ്വശക്തമായ രാജധാനി ക്രിസ്ത്യാനികളുടേതാണ്. ഇല്ലെങ്കിൽ അവരുടെ സംഖ്യ കുറവായിരിക്കണം, കാരണം അവസാനമാണ് വന്നത്. പക്ഷേ മൂന്നു ധർമ്മങ്ങളിലും വെച്ച് ഇതാണ് ഏറ്റവും ശക്തമായത്. എല്ലാവരെയും കൈയ്യടക്കി വെച്ചിരിക്കുകയാണ്. ഈ ഡ്രാമയും ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ഇവരിലൂടെയാണ് നമുക്കും രാജധാനി ലഭിക്കുന്നത്. ഇങ്ങനെയൊരു കഥയുമുണ്ട് രണ്ട് പൂച്ചകൾ മത്സരിച്ചു, പക്ഷേ മൂന്നമതൊരാൾക്കാണ് വെണ്ണ ലഭിച്ചത്. അപ്പോൾ അവർ പരസ്പരം കലഹിക്കുകയും വെണ്ണ ലഭിക്കുന്നത് ഭാരതവാസികൾക്കുമായിരിക്കും. ചില്ലറ കഥയാണെങ്കിലും അർത്ഥം എത്ര വലുതാണ്. മനുഷ്യർ എത്ര വിവേകഹീനരാണ്. അഭിനേതാക്കളായിട്ടും ഡ്രാമയെക്കുറിച്ച് അറിയുന്നില്ല, വിവേകശൂന്യരായിരിക്കുന്നു. സാധാരണക്കാരാണ് മനസ്സിലാക്കുന്നത്. ധനവാന്മാർ ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. ഏഴകളുടെ തോഴൻ എന്നത് പതിതപാവനനെയാണ് പറയുന്നത്. ഇപ്പോൾ പ്രായോഗികമായി ആ പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുന്നു. വലിയവലിയ സഭകളിൽ പോയി നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കണം. വിവേകം പറയുന്നു പതുക്കെ പതുക്കെ ആഹാ–ആഹാ എന്നു പറയുമെന്ന്. അവസാനത്തെ നിമിഷത്തിലാണ് പെരുമ്പറ മുഴങ്ങുക. ഇപ്പോൾ കുട്ടികളുടെമേൽ ഗ്രഹപ്പിഴ ഇരിക്കുന്നുണ്ട്. ലൈൻ വ്യക്തമല്ല. വിഘ്നങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. ഇതും ഡ്രാമ അനുസരിച്ച് ഉണ്ടായിക്കൊണ്ടിരിക്കും. എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ ഉയർന്ന പദവി ലഭിക്കും. പാണ്ഡവർക്ക് മൂന്നടി മണ്ണുപോലും ലഭിച്ചിരുന്നില്ല. അത് ഇപ്പോഴത്തെ മഹിമയാണ്. പക്ഷേ ഇത് ആർക്കും തന്നെ അറിയുന്നില്ല, അവർ തന്നെയാണ് പിന്നീട് വിശ്വത്തിന്റെ അധികാരിയായിത്തീരുന്നത് എന്നുള്ളത്. നിങ്ങൾ കുട്ടികൾ ഇപ്പോഴാണ് അറിയുന്നത്, ഇതിൽ ദു:ഖിക്കേണ്ട കാര്യമില്ല. കല്പം മുമ്പും ഇതുപോലെയുണ്ടായിരുന്നു. ഡ്രാമയുടെ ട്രാക്കിൽ തന്നെ നിൽക്കണം, ഇളകരുത്. ഇപ്പോൾ നാടകം

പൂർത്തിയാവുകയാണ്. സുഖധാമത്തേക്കു പോകണം. ഉയർന്ന പദവി നേടാനുള്ള പഠിപ്പ് പഠിക്കണം. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1. നടക്കുമ്പോഴും കറങ്ങുമ്പോഴും സ്വയത്തെ അഭിനേതാവാണെന്ന് മനസ്സിലാക്കണം. ഡ്രാമയുടെ ട്രാക്കിൽ അചഞ്ചലമായിരിക്കണം. ബുദ്ധിയിലുണ്ടായിരിക്കണം, ഇപ്പോൾ നമുക്ക് തിരികെ പോകണം, നമ്മൾ യാത്രയിലാണ്.

2. സദ്ഗതിയുടെ സർവ്വ ലക്ഷണങ്ങളും സ്വയത്തിൽ ധാരണ ചെയ്യണം. സർവ്വഗുണസമ്പന്നരും, 16കലാ സമ്പൂർണ്ണരുമായിത്തീരണം.

## വരദാനം:-സംഗമയുഗത്തിൽ ശ്രേഷ്ഠ മതത്തിലൂടെ ശ്രേഷ്ഠ ഗതി പ്രാപ്തമാക്കുന്ന പ്രത്യക്ഷഫലത്തിന്റെ അധികാരിയായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ ശ്രേഷ്ഠ മതത്തിന്റെ ആധാരത്തിൽ എന്ത് ശ്രേഷ്ഠ കർമ്മം ചെയ്യുന്നുവോ അതിന്റെ പ്രത്യക്ഷഫലം അഥവാ സഫലത ഇപ്പോൾ തന്നെ പ്രാപ്തമാകുന്നു, അതിനാൽ പറയാറുണ്ട്-ഏത്പോലെ മതം അതുപോലെ ഗതി. അവർ കരുതുന്നത് മരണശേഷം ഗതി ലഭിക്കുമെന്നാണ്, പക്ഷെ താങ്കൾ കുട്ടികൾക്ക് ഈ അന്തിമ മർജീവാ ജന്മത്തിൽ ഓരോ കർമ്മത്തിന്റെയും സഫലതയുടെ ഫലം അതായത് ഗതി പ്രാപ്തമാകുന്നതിന്റെ വരദാനം ലഭിച്ചിട്ടുണ്ട്. താങ്കൾ ഭാവിയെ പ്രതീക്ഷിച്ചിരിക്കുകയില്ല. ഇപ്പോളിപ്പോൾ ചെയ്യുകയും ഇപ്പോഴിപ്പോൾ പ്രാപ്തിയുടെ അധികാരം നേടുകയും ചെയ്യുന്നു- ഇതിനെത്തന്നെയാണ് പറയുന്നത് രചയിതാവിന് രചനയോടുള്ള സത്യമായ സ്നേഹം.

## സ്ലോഗൻ:- ദൃഢസങ്കൽപ്പത്തിലൂടെ ഓരോ ചുവടിലും ബാബയെ ഫോളോ ചെയ്യുന്നവർ തന്നെയാണ് സമ്പന്നരാകുന്നത്.